# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4459 25-10-2016 -ൽ മറുപടിക്ക്**

**'എല്ലാവർക്കും വൈദ്യുതി'**

| | ചോദ്യം<br>ശ്രീ. പി.സി. ജോർജ് : | | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി ബോർഡിന്റെ 'എല്ലാവർക്കും വൈദ്യുതി' എന്ന പദ്ധതി കൊണ്ട് ഏതൊക്കെ വിഭാഗത്തിൽപ്പെടുന്ന ജനങ്ങൾക്ക് പ്രയോജനം ലഭിയ്ക്കുമെന്ന് വിവരിയ്ക്കുമോ; | (എ) | സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സമ്പൂർണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ബി പി എൽ വിഭാഗക്കാർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാനും എ പി എൽ വിഭാഗത്തിലുള്ളവർക്ക് സർവീസ് ലൈനിനുള്ള തുക മാത്രം ഈടാക്കി വൈദ്യുതി കണക്ഷൻ നൽകാനുമാണ് ഉദ്ദേശിക്കുന്നത്. വീടുകൾക്കു പുറമെ അംഗനവാടികൾകൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതി എത്തിക്കുന്നതാണ്. |
| (ബി) | പദ്ധതി തടസ്സപ്പെടുത്താൻ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ശ്രമിയ്ക്കുന്നു എന്ന വാർത്തയിൽ എന്തെങ്കിലും അടിസ്ഥാനമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിയ്ക്കുമോ? | (സി) | പ്രസ്തുത പദ്ധതി 2017 മാർച്ചോട് കൂടി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

Hemalatha

സെക്ഷൻ ഓഫീസർ